Madhyamam 01.01.18

# നാളികേര വികസനത്തിന് കോക്കനട്ട് മിഷൻ

**മണ്ണുത്തി:** നാളികേരത്തിന്റെ സമഗ്രവികസനത്തിന് കോക്കനട്ട് മിഷനും തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ, നാളികേരം എന്നീ മേഖലകളിൽ വിശദമായ പദ്ധതി രൂപവത്കരണത്തിനായി ഏകോപന സംവിധാനവും രൂപവത്കരിക്കുന്നു. ഇവയുടെ മൂല്യവർധിതമേഖലയിൽ സമഗ്രവികസനം കൊണ്ടുവരാനാണ് 'വൈഗ-17'ന്റെ തീരുമാനമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ അറിയിച്ചു. ശേഷിക്കുന്ന മേഖലകളെ ആസ്പദമാക്കി കാർഷികോത്പാദന കമീഷണർ ചെയർമാനായി കോ-ഓഡിനേഷൻ കമ്മിറ്റികൾ രൂപവത്കരിക്കുന്നതിനും തീരുമാനിച്ചു. വിശദ പ്രോജക്റ്റ് ഫെബ്രുവരിയിൽ നിയമസഭയുടെ അംഗീകാരത്തോടെ ജൂണിൽ പദ്ധതി ആരംഭിക്കത്തക്ക തരത്തിൽ മുന്നോട്ടുനീക്കുമെന്നും വാർത്തസമ്മേളനത്തിൽ കൃഷിമന്ത്രി വിശദീകരിച്ചു.

നാളികേരത്തെ സംബന്ധിച്ചിടത്തോളം 10 വർഷം നീളുന്ന സമഗ്രവികസന പദ്ധതിയാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ടം 2018-21 കാലയളവിൽ നടപ്പാക്കും.